**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2240** **16-03-2022 - ൽ മറുപടിയ്ക്ക്**

**പാരാമെഡിക്കൽ വിദ്യാർത്ഥികളുടെ പരിശീലന ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വിവിധ പ്രൈവറ്റ്, സെൽഫ് ഫിനാൻസിംഗ്, പാരാമെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ പരിശീലനത്തിന് പോകുമ്പോഴുള്ള ഫീസ് പ്രതിമാസം 5000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ പ്രാബല്യമുണ്ട്; വർദ്ധനവിന് മുമ്പ് എത്ര രൂപയായിരുന്നു പ്രതിമാസ ഫീസ്; | (എ) | വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് GO (Rt) No. 1520/2021/H&FWD തീയതി 20/7/2021 പ്രകാരം സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള വിവിധ പാരാമെഡിക്കൽ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പിന് ഓരോ സ്ഥാപനങ്ങളും പ്രതിമാസം ഒരോ വിദ്യാർത്ഥിക്കും 5000/- രൂപ അടയ്ക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. അതാത് സ്ഥാപനത്തിലെ എച്ച്.എം.സി. തിരുമാനിക്കുന്ന 1000രൂപയിൽ താഴെയുള്ള ഫീസ് ആയിരുന്നു ഉത്തരവിനു മുമ്പ് ഈടാക്കിയിരുന്നത്. |
| (ബി) | പ്രസ്തുത വർദ്ധനവ് പാവപ്പെട്ട വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുമെന്നത് കണക്കാക്കി ഫീസ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ